**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2390 - 13.02.2013-ലെ മറുപടിക്ക്**

## ധനകാര്യ വളർച്ചയിലെ കേരള മോഡൽ

**ചോദ്യം**

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലുണ്ടായ വളർച്ച പോലെ ധനകാര്യ വളർച്ചയിലും 'കേരള മോഡൽ' ഇന്ത്യക്ക് വിഭാവനം ചെയ്യുവാൻ മുൻകൈ എടുക്കുമോ: | ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വളരെ കാലത്തെ പ്രയത്നത്തിലൂടെയാണ് സംസ്ഥാനം 'കേരള മോഡൽ' എന്ന പുരോഗതി കൈവരിച്ചിട്ടുള്ളത് സാമ്പത്തിക മേഖലയിലും ഇത്തരം നേട്ടം കാലക്രമത്തിലൂടെ മാത്രമേ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ധനകാര്യ വളർച്ചയിലും കേരളം മെച്ചപ്പെട്ട പ്രവത്തനമാണു കാഴ്ച വെയ്ക്കുന്നത്. പ്രധാന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.<br>➢ സംസ്ഥാനത്തെ വാണിജ്യബാങ്കുകളുടെ വ്യാപാരം, മൊത്തം ബാങ്ക് ശാഖകളുടെ ശ്യംഘല, മൊത്തം നിക്ഷേപം, മൊത്തം വായ്പ, പ്രവാസി നിക്ഷേപം എന്നിവ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.<br>➢ ഡയറക്ട് കാഷ് ട്രാൻഫർ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയനാട്, പത്തനംതിട്ട ജില്ലകളെ സംസ്ഥാനത്തെ മുൻഗണനാ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>➢ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ എറണാകുളം ജില്ലയെ ഇൻഡ്യയിലെ 'സമ്പൂർണ്ണ സാമ്പത്തിക വ്യാപന' നേട്ടം കൈവരിച്ച ആദ്യത്തെ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഇൻഷുറൻസ് മേഖലയിലെ വളർച്ച തിട്ടപ്പെടുത്തുന്ന രണ്ട് മാനദണ്ഡങ്ങളാണ് ഇൻഷുറൻസ് പെനിട്രേഷനും ഇൻഷുറൻസ് ഡെൻസിറ്റിയും. സംസ്ഥാനത്തിന്റെ ഇൻഷുറൻസ് പെനിട്രേഷൻ തോതും ഇൻഷുറൻസ് ഡെൻസിറ്റി തോതും ദേശീയ ശരാശരിയേക്കാളും വളരെ |

<table>
<tr><td></td><td>ഉയർന്നതാണ്.
<table>
<tr><td></td><td>ഇൻഷുറൻസ് പെനിട്രേഷൻ (ശതമാനം)</td><td>ഇൻഷുറൻസ് ഡെൻസിറ്റി (രൂപ)</td></tr>
<tr><td>കേരളം</td><td>0.85</td><td>834.2</td></tr>
<tr><td>ഇൻഡ്യ</td><td>0.78</td><td>535.4</td></tr>
</table>
ഇതുകൂടാതെ സർക്കാർ തലത്തിൽ കെ.എസ്.എഫ്.ഇ, കെ.എഫ്.സി എന്നീ പൊതു മേഖലാ സ്ഥാപനങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.</td></tr>
<tr><td>(ബി) ഇതിനുള്ള പ്രതികൂല ഘടകങ്ങൾ സംസ്ഥാനത്തുണ്ടോ; വിശദമാക്കുമോ;</td><td>പ്രതികൂല ഘടകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല</td></tr>
<tr><td>(സി) ഇവ മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരളത്തിലെ യുവാക്കളുടെ കർമ്മശേഷി ഇവിടെത്തന്നെ ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?</td><td>കേരളത്തിൽ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി 10000 പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ കെ.എഫ്.സി യുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം നടത്തി വരുന്നു. ഇതോടൊപ്പം തൊഴിൽപരമായി വൈദഗ്ധ്യമില്ലാത്ത യുവജനങ്ങൾക്കെല്ലാം അധിക വൈദഗ്ധ്യം പകർന്നു കൊടുക്കുവാനുള്ള Additional Skill Acquisition Programme (ASAP), Additional Skill Enhancement Programme (ASEP) പദ്ധതികൾകൂടി നടപ്പിലാക്കി വരുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ.